www.malankaralibrary.com

# ഗോവിന്ദൻ മാസ്റ്ററുടെ ലണ്ടൻ തീസിസ്



ഭാരതത്തിലെ മാർക്സിസ്റ്റ് പാർട്ടി വാർധക്യത്തിലാണ്. ബുദ്ധിയും വിവേകവുമുള്ളവർ പാർട്ടിയെ ഉപേക്ഷിച്ചു. ഇനി ബാക്കിയുള്ളത് അധികാരത്തിന്റെ അപ്പക്കഷണം ഭുജിക്കുന്നവരാണ്. ലോക ഭൂപടത്തിൽ നിന്ന് തുടച്ചുമാറ്റപ്പെട്ട ഈ പാർട്ടിയുടെ കേരള ഘടകം സെക്രട്ടറി ഗോവിന്ദൻ മാസ്റ്റർ ലണ്ടൻ നഗരം സന്ദർശിച്ച് പുതിയ കണ്ടുപിടിത്തം നടത്തിയിരിക്കുന്നു. ക്രിസ്തുമതം യൂറോപ്പിൽ ഇല്ലാതായി, പള്ളികൾ വിൽക്കപ്പെടുന്നു, സന്യാസിനികൾ തൊഴിലാളികളാണ് എന്നിങ്ങനെയാണ് അദ്ദേഹത്തിന്റെ ലണ്ടൻ തീസിസ്.

എന്നാൽ ലോകത്ത് കൊടും പീഡനങ്ങൾക്കിടയിലും ക്രിസ്തുമതം വളരുകയാണെന്ന് ഗോവിന്ദൻ മാസ്റ്റർക്ക് കാണാനായില്ല. ലോകത്ത് കമ്മ്യൂണിസം ക്ഷയിച്ച് ക്ഷയിച്ച് ആർക്കും വേണ്ടാതായ കാര്യവും ഗോവിന്ദൻ മാഷ് അറിഞ്ഞിട്ടില്ല. സഖാക്കൾക്ക് വാരിക്കോരി ആനുകൂല്യങ്ങൾ നൽകുന്നതുകൊണ്ട് കേരളത്തിൽ മാത്രം ഇപ്പോൾ കമ്മ്യൂണിസം കണികാണാനുള്ളതിനാലാണ് ഗോവിന്ദൻ മാഷ് ലണ്ടനിൽ പോയത്.

കമ്മ്യൂണിസം പിറന്നമണ്ണിൽ ഇപ്പോൾ ആ തത്വസംഹിതയുടെ പൊടിപോലുമില്ല കണ്ടുപിടിക്കാൻ എന്നതാണ് സ്ഥിതി. ഈ ലണ്ടൻ തീസിസിൽ പൂരിപ്പിക്കാൻ ബാക്കിയുള്ള ഒരു വാചകമുണ്ട്. അവിടെയെല്ലാം ഇസ്ലാം അതിവേഗം വളരുന്നു. പാർട്ടി സെക്രട്ടറിയുടെ ഈ തീസിസ് കേരളത്തിലെ ഇസ്ലാം സമൂഹത്തിന്റെ വോട്ടു നേടാനുള്ള പരിശ്രമങ്ങളുടെ ഭാഗമാണോ? തങ്ങളുടെ പാർട്ടി ലത്തീൻ കത്തോലിക്കാ സമൂഹത്തിന് എതിരാണെന്ന് പരസ്യമായി പ്രഖ്യാപിക്കുന്ന 'ഷോ' മാത്രമാണ് ഫാ. യൂജിൻ പെരേരക്കെതിരെയുള്ള ഭരണപക്ഷ മന്ത്രിമാരുടെ പ്രകടനം. ക്രൈസ്തവനായി ജനിച്ചു എന്നതിന്റെ പേരിൽ ഭാരതമെമ്പാടും അനുഭവിക്കുന്ന പീഡനങ്ങളുടെ മറ്റൊരു രീതിയാണ് വിഴിഞ്ഞത്തും മുതലപ്പൊഴിയിലും കണ്ടത്.

### കന്യാസ്ത്രി മഠങ്ങളും കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയും

ക്രിസ്തുമതത്തിന്റെ വികലമായ ഒരു വ്യാഖ്യാനം മാത്രമാണ് മാർക്സിയൻ കമ്മ്യൂണിസം. അപ്പസ്തോല പ്രവർത്തനങ്ങൾ രണ്ടാം അധ്യായത്തിൽ സൂചിപ്പിക്കുന്നപോലെ 'അവർ ആരും തന്നെ തങ്ങളുടെ വസ്തുക്കൾ സ്വന്തം എന്ന് കരുതിയില്ല' എന്ന വചനത്തിന് യഥാർത്ഥ പതിപ്പ് കുടുംബങ്ങളാണ്.

ഒരു വീട്ടിൽ അധ്വാനിക്കുന്നത് അപ്പനും അമ്മയും ആണ്. അവരുടെ വീട്, അധ്വാനം, വരുമാനം മുഴുവനും പൊതുസ്വത്തായിട്ടാണ് മക്കൾ അനുഭവിക്കുന്നത്. വീടിന്റെ ഉടമസ്ഥാവകാശം മാതാപിതാക്കളുടേതാണെങ്കിലും അവർ അവരുടെ വസ്തുക്കൾ സ്വന്തമാണെന്ന് കരുതാതെ എല്ലാവർക്കും വേണ്ടി ഉപയോഗിക്കുന്നു.

ഇത്തരമൊരു ജീവിതത്തിന്റെ തുടർച്ചയാണ് സന്യാസ ഭവനങ്ങൾ. സ്ത്രീക്ക് പുരുഷനെ കൂടാതെ പൂർണതയുണ്ടെന്ന് തെളിയിക്കുന്ന ഇടങ്ങളാണ് കന്യാസ്ത്രീ മഠങ്ങൾ. അവർ സ്വന്തമായി അധ്വാനിക്കുന്നു, വരുമാനം രൂപപ്പെടുത്തുന്നു, മിനിമം ഉപഭോഗം ചെയ്യുന്നു, മിച്ചമുള്ള തുക മുഴുവനും സമൂഹ സേവനത്തിനായി മാറ്റിവയ്ക്കുന്നു. വിദ്യാലയങ്ങൾ, ആതുരശുശ്രൂഷാ കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കുന്നു. അവരിൽ വക്കീൽമാർ ഉണ്ട്, സാമൂഹികപ്രവർത്തകരുണ്ട്, കലാലയ അധ്യാപകരുണ്ട്, കവികളുണ്ട്, തത്വചിന്ത സംഭാവന ചെയ്യുന്നവരുണ്ട്, ശാസ്ത്രജ്ഞരുണ്ട് ഡോക്ടർമാരും നഴ്സുമാരും ഉണ്ട്.

ഇവരിൽ പലരും രോഗികളെ ശുശ്രൂഷിക്കുന്നവരാണ്. കുഷ്ഠരോഗികളെ, എയ്ഡ്സ് രോഗികളെ, ആരുമില്ലാത്തവരെ, അനാഥരെ, വിധവകളെ സ്നേഹിക്കുന്നവരാണ്. ഭിന്നശേഷിക്കാരെ, ബുദ്ധി വൈകല്യം ഉള്ളവരെ, സ്വന്തമെന്ന പേരിൽ സന്തോഷപൂർവ്വം ശുശ്രൂഷിക്കുന്നവരാണ്. ഇതിനൊക്കെ അവർക്ക് ഊർജ്ജം ലഭിക്കുന്നത് ക്രിസ്തുനാഥനിൽ നിന്നാണ്.



പ്രൊഫ. കെ എം ഫ്രാൻസിസ്

ഇവർക്ക് പലർക്കും വരുമാനമുണ്ട്. എന്നാൽ മിച്ചം മുഴുവൻ സമൂഹനന്മയ്ക്കായി ഉപയോഗിക്കുന്നു എന്ന കാരണത്താൽ ലോകത്തൊരിടത്തും ഇവരുടെ വരുമാനത്തെ നികുതി വരുമാനമായി കണക്കാക്കുന്നില്ല. കുടുംബജീവിതത്തിൽ മുടിയനായ പുത്രന്മാരുണ്ട്, മനോബലം കുറഞ്ഞവരുണ്ട്. ഇവരിലും അത്തരക്കാർ കണ്ടേക്കാം. അത്തരം വ്യക്തിത്വങ്ങളെ ചൂണ്ടിക്കാണിച്ച് കന്യാസ്ത്രീ മഠങ്ങളെ അപഹസിക്കാനാണ് മാർക്സിസ്റ്റ് പാർട്ടിയും ഇടതുപക്ഷ സംഘടനകളും ശ്രമിക്കുന്നത്. ഇത് ചില മതവിഭാഗങ്ങളെ പ്രീണിപ്പിച്ച് അധികാരം നിലനിർത്താനുള്ള വഴികളാണെന്ന് ആർക്കാണറിയാത്തത്.

കന്യാസ്ത്രീ മഠങ്ങളുടെ ഭരണഘടന ആയിരിക്കണം ഒരു രാജ്യത്തിന്റെ ഭരണഘടനയെന്ന് കാറൽമാർക്സ് എഴുതിവച്ചതാണ് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിലെ സോഷ്യലിസ്റ്റ് ഭരണക്രമം എന്ന ഭാഗം. പരിശുദ്ധാത്മാവിന്റെ സഹായമില്ലാതെ കുടുംബമോ രാഷ്ട്രമോ നിലനിൽക്കില്ലെന്ന കാര്യം കാറൽ മാർക്സ് മറന്നുപോയി. ഇതെല്ലാം വായിച്ചു മനസിലാക്കാനുള്ള തത്വശാസ്ത്ര സാക്ഷരതയുള്ള ആരും തന്നെ കേരളത്തിലെ മാർക്സിസ്റ്റ് പാർട്ടിയിൽ ഇല്ലാതായി!

മാർപാപ്പയുടെ മുഖത്തുനോക്കി താങ്കൾ ചെയ്യുന്നത് തെറ്റാണെന്ന് പറയാൻ ധൈര്യമുള്ള കന്യാസ്ത്രീകൾ ജീവിച്ചിരുന്നു. എന്നാൽ പിണറായി വിജയനെ പോലുള്ള ഭരണാധികാരിയുടെ മുഖത്തുനോക്കി താങ്കളുടെ ഭരണം പരാജയമാണ് എന്നു പറയാൻ പാർട്ടി സെക്രട്ടറിക്ക് ധൈര്യമുണ്ടോ? വ്യവസായ സംരംഭങ്ങൾ തകർക്കുന്ന സിഐടിയുക്കാരന്റെ മുഖത്തുനോക്കി മാനിഷാദ എന്ന് പറയാൻ പാർട്ടി സെക്രട്ടറിക്ക് ധൈര്യമുണ്ടോ? വ്യാജ മാർക്ക് ലിസ്റ്റും പിൻവാതിൽ നിയമനവും വ്യാജ രേഖകളും ഹാജരാക്കി ജോലി തേടുന്ന എസ്.എഫ്.ഐ. പ്രവർത്തകരോടും പാർട്ടി നേതാക്കളോടും നിങ്ങൾ ചെയ്യുന്നത് തെറ്റാണെന്ന് ശാസിക്കാൻ താങ്കൾക്ക് ധൈര്യമുണ്ടോ? ലണ്ടനിൽ അടച്ചുപൂട്ടുന്ന പള്ളികൾ ആണോ എന്ന് ഇന്ത്യ നേരിടുന്ന രാഷ്ട്രീയ പ്രശ്നം? ജനസംഖ്യയുടെ കുറവുകൊണ്ട് ചിലസ്ഥലങ്ങളിൽ ഒറ്റപ്പെട്ട രീതിയിൽ ഇത്തരം സംഭവങ്ങൾ കണ്ടേക്കാം. അതൊരു ആഗോള പ്രതിഭാസമാണെന്ന് തെറ്റിദ്ധരിക്കുകയാണോ ഗോവിന്ദൻ മാഷ്?

കമ്മ്യൂണിസ്റ്റ് പാർട്ടി ചെയ്യുന്നതെല്ലാം ശരി, പാർട്ടിക്കെതിരെ പറയുന്നത് തെറ്റ് എന്ന കമ്മ്യൂണിസ്റ്റ് ധാർമിക മാനദണ്ഡമനുസരിച്ച് ഇതെല്ലാം ശരികളാണ്. പാർട്ടിയുടെ വളർച്ചയ്ക്കും വർഗീയവാദികളുമായി കൂട്ടുചേരാം, പാർട്ടിയുടെ വളർച്ചയ്ക്ക് കൈക്കൂലി വാങ്ങാം, പാർട്ടിയുടെ വളർച്ചയ്ക്ക് പിൻവാതിൽ നിയമനം നടത്താം, പാർട്ടിയുടെ വളർച്ചയ്ക്ക് കോപ്പിയടിക്കാം, പാർട്ടിയുടെ വളർച്ചയ്ക്ക് ബന്ധുജന നിയമനം നടത്താം, പാർട്ടിയുടെ വളർച്ചയ്ക്ക് മതഗ്രന്ഥവും ഈന്തപ്പഴവും ഇറക്കുമതി ചെയ്യാം എന്നീ പ്രയോഗങ്ങൾ കേരളത്തിൽ നിലനിൽക്കുന്നു. നിങ്ങൾ ഉപയോഗിക്കുന്ന ഈ മാർഗത്തിന്റെ അടിമകളായി ഈ രാജ്യം മാറുമ്പോൾ യുവജനങ്ങൾ കേരളം വിട്ട് ഓടിപ്പോകുന്നു.

### ആത്മാർത്ഥതയുള്ള അണികളും അധാർമികരായ നേതൃത്വവും

ലണ്ടൻ സന്ദർശിച്ച ഗോവിന്ദൻ മാസ്റ്റർ കാറൽ മാർക്സിന്റെ മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുള്ള മാർക്സിന്റെ സ്വകാര്യ ബൈബിൾ കണ്ടിട്ടുണ്ടോ? അതിലെ ഓരോ വചനവും വായിച്ച് മാർക്സിന്റെ തന്നെ ലിഖിതങ്ങൾ ആ ബൈബിളിലുണ്ട്. അദ്ദേഹത്തിന്റെ സ്വകാര്യ ബൈബിൾ കണ്ടിരുന്നുവെങ്കിൽ താങ്കളും ഒരു ബൈബിൾ വാങ്ങി വായിക്കുമായിരുന്നു.

സമൂഹത്തിന് നന്മ ചെയ്യാൻ ആഗ്രഹിക്കുന്ന പതിനായിരക്കണക്കിന് പാർട്ടി പ്രവർത്തകരുടെ ചോരയും നീരും ഊറ്റിക്കുടിച്ചിട്ടാണ് നിങ്ങൾ നിങ്ങളുടെ മക്കൾക്ക് കൊട്ടാരങ്ങൾ നിർമ്മിക്കുന്നത്. നേതാക്കളും മക്കളും ശതകോടീശ്വരന്മാരായി മാറുമ്പോൾ കേരള ജനത കിറ്റിനായും പൊതിച്ചോറിനായും വരി നിൽക്കുന്നു. കത്തോലിക്കാ സഭയുടെ സാമൂഹിക സേവനങ്ങളെ വിമർശിച്ചുകൊണ്ട് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിൽ മാർക്സും ഏംഗൽസും എഴുതി. "മുതലാളിമാരുടെ മനസാക്ഷിക്കടി മാറ്റാൻ കത്തോലിക്കാസഭ തെളിക്കുന്ന ഹന്നാൻ വെള്ളമാണ് സാമൂഹിക സേവന പ്രവർത്തനങ്ങൾ". കേരളത്തിലെ മുതലാളിമാരുടെ മനസ്സാക്ഷിക്കടി മാറ്റാനാണോ ഇടതുപക്ഷ സർക്കാർ കിറ്റ് നൽകുന്നത്? അതിനായിട്ടാണോ ഡിവൈഎഫ്ഐ പൊതിച്ചോറ് വിതരണം ചെയ്യുന്നത്? കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് ഇറക്കിയിട്ടുള്ള ഇലക്ഷൻ മാനിഫെസ്റ്റോകൾ പരിശോധിച്ചാൽ 25 ലക്ഷം പേർക്ക് തൊഴിൽ, 50 ലക്ഷം പേർക്ക് തൊഴിൽ എന്നീ വാചകങ്ങൾ കാണാം. ഇത്തരത്തിലുള്ള വാചകമടി നിർത്തി യാഥാർത്ഥ്യബോധമുള്ളവരാകുക. കാറൽമാർക്സ് ചെയ്തതുപോലെ ഒരു ബൈബിൾ വാങ്ങി സൂക്ഷിക്കുക, എന്നും വായിക്കുക. എല്ലാ പോളിറ്റ്ബ്യൂറോ മെമ്പർമാർക്കും ബൈബിൾ വിതരണം ചെയ്യുക. അപ്പോൾ ബുദ്ധി തെളിയും, സമൂഹത്തിന്റെ വികാസത്തിനായി പുതുചിന്തകൾ ഉരുത്തിരിയും. മതഗ്രന്ഥം ഇറക്കുമതി ചെയ്യുന്ന മന്ത്രിസഖാവിനും ഒരു നാടൻ ബൈബിൾ നൽകുക. അപ്പോൾ മനസിലാകും സ്വന്തം കുടുംബത്തേക്കാൾ, പാർട്ടിയേക്കാൾ എളിയവരിൽ ഒരുവന് നന്മ ചെയ്യുന്നവരാണ് രാജ്യസ്നേഹികൾ എന്ന്. ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നീ അടിസ്ഥാന ആവശ്യങ്ങളിൽ സംതൃപ്തിപ്പെട്ട് മിച്ചം മുഴുവൻ സമൂഹത്തിൻറെ ഉന്നമനത്തിനായി ഉപയോഗിക്കുന്ന സന്യാസ ഭവനങ്ങളുടെ മാതൃകയിൽ ജീവിക്കുന്ന പാർട്ടി പ്രവർത്തകർ ഉണ്ടാകട്ടെ. സന്യാസസഭകൾ തകരുമ്പോൾ കമ്മ്യൂണിസ്റ്റ് ലക്ഷ്യം തകരുന്നുവെന്ന് പാർട്ടിക്കാരെ നിങ്ങൾ തിരിച്ചറിയുക.